# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5** | **26.09.2011-ൽ മറുപടിയ്ക്ക്**

## നൂറുദിന കർമ്മ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. പി. എ. മാധവൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി ) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയ പ്രധാന കർമ്മ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ; | (എ) | മുഖ്യമന്ത്രി പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ; | (ബി) | മുഖ്യമന്ത്രി പ്രഖ്യാപിച്ച കർമ്മ പദ്ധതികളിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിവരാവകാശ അപേക്ഷാ ഫീസ് മണി ഓർഡറായി സ്വീകരിക്കും, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികൾ രൂപീകരിക്കും, സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്. സി.യ്ക്ക് , ഉന്നത സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി., വിപുലമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയൊഴികെ മറ്റ് മുഴുവൻ പദ്ധതികളും നടപ്പാക്കുകയോ നടപ്പാക്കൽ പ്രക്രിയയിൽ ഉള്ളതോ ആണ്. |
| (സി) | കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടും പ്രവർത്തനങ്ങൾ ആരംഭിക്കാത്ത പദ്ധതികൾക്ക് പ്രത്യേക ശ്രദ്ധ നൽകുമോ ; | സി) | മുഖ്യമന്ത്രിയുടെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ എല്ലാ സർക്കാർ ഓഫീസുകളിലും വിവരാവകാശ അപേക്ഷാ ഫീസ് മണി ഓർഡറായി സ്വീകരിക്കും, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികൾ രൂപീകരിക്കും, സർവ്വകലാശാലാ |

(. . . . .2)

നിയമനങ്ങൾ പി.എസ്. സി.യ്ക്ക് , ഉന്നത സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി., എന്നിവ നടപ്പാക്കാൻ സാധിക്കാത്ത വയാണ്. വിപുലമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വരുന്ന ഒരു വർഷത്തെ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ വകുപ്പും പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തത് ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

| | |
|---|---|
| (ഡി) സംസ്ഥാനത്തിന്റെ സമഗ്രവികസന ത്തിനായി ഒരു വർഷത്തേയ്ക്കായി പ്രത്യേക കർമ്മ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) യും (ഇ) യും<br>സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തി നായി ഒരു വർഷത്തെ പ്രത്യേക കർമ്മ പദ്ധതി സർക്കാരിന്റെ പരിഗണന യിലാണ്. |
| (ഇ) എങ്കിൽ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.